# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSATSR (P 4)1213/2021, തീ. 10/12/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/02/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR (P 4)1213/2021, തീ. 10/12/2021 തീയ്യതി: 05/02/2022

# തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-01-2020 മുതൽ 30-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന.കെ.ടി,ഓഡിറ്റ് ഓഫീസർ
ശ്രീ.ശിവദാസൻ.എ.കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സലീഷ്.എം.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത.ടി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യദിലീപ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ .തോമസ്.ഐ.കണ്ണത്ത് | പ്രസിഡന്റ് | 01-04-2020 | 29-12-2020 |
| ശ്രീമതി പ്രിൻസി ഫ്രാൻസിസ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ഹബീബ്.വി.എച്ച്. | സെക്രട്ടറി | 01-04-2020 | 04-02-2021 |
| ശ്രീമതി ഉഷാദേവി.കെ.എസ്. | സെക്രട്ടറി | 05-02-2021 | 09-02-2021 |
| ശ്രീ.സജി.ടി.ജി. | സെക്രട്ടറി | 10-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഉഷാദേവി.കെ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ലിസ.വി.എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 05-01-2021 |
| ശ്രീമതി ധന്യ | അസിസ്റ്റന്റ് എഞ്ചിനീയർ | 06-01-2021 | 11-01-2021 |
| ശ്രീമതി ഉഷ.കെ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 12-01-2021 | 17-02-2021 |
| ശ്രീമതി നിലൂഫർ.എം.ഭാനു | അസിസ്റ്റന്റ് എഞ്ചിനീയർ | 18-02-2021 | 31-03-2021 |
| ഡോ.രേഖ.എൻ.എസ്. | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ശ്രീ സാബു.സി.എസ്. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.കുരിയാക്കോസ് അലോഷ് പീറ്റർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.സലീഷ്.സി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കാട്ടുകുറ്റി) | 01-04-2020 | 31-03-2021 |
| ശ്രീമതി രേഷ്മ.ആർ.നായർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(വൈന്തല) | 01-04-2020 | 31-03-2021 |
| ശ്രീ.സെബിൻ.പി.എഫ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സുഷമ.സി.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.ശാലിനിബാലചന്ദ്രൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 09-08-2020 |
| ഡോ.ഗ്രേസ് ജോർജ്ജ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 10-08-2020 | 24-01-2021 |
| ഡോ.ദീപ്തിരാജു. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 25-01-2021 | 31-03-2021 |
| ശ്രീമതി ജോമോൾ .സി.ബേബി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 01-11-2020 |
| ശ്രീമതി ജിബിന .എം .എം | ഫിഷറീസ് ഇൻസ്പെക്ടർ | 02-11-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sheena K T (Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Sheena K T (Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 19-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-5 |
| 6 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 19-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Saleesh M.G (Asst. Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sheena K T (Audit Officer, On 19-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sheena K T (Audit Officer, On 19-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-9 |
| 10 | സാഖ്യ സഞ്ചയ ഡിമാന്റുകൾ തമ്മിൽ വ്യത്യാസം<br>Written By: Sivadasan A K (Asst. Audit Officer, On 10-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-10-1 |
| 11 | റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് -ഡെപ്പോസിറ്റ് ,ഫൈൻ തുകകൾ അതത് ഹെഡ്ഡുകളിൽ ചേർത്തിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-10-2 |
| 12 | ഇൻവെസ്റ്റ്മെന്റ് പരിപാലനത്തിലെ അപാകതകൾ<br>Written By: Sivadasan A K (Asst. Audit Officer, On 10-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-10-3 |
| 13 | രസീതി പരിശോധന - അപാകതകൾ<br>Written By: Dhanya Dhileep (Auditor, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-11 |
| 14 | ഡെ ബുക്ക് പ്രകാരമുള്ള തുകയെക്കാൾ കൂടിയ തുക ബാങ്കിൽ അടവാക്കി<br>Written By: Dhanya Dhileep (Auditor, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-12 |
| 15 | സെൽഫ് ചെക്ക് പ്രകാരം പിൻവലിച്ച തുക ക്യാഷ് ആയും പെയ്മെന്റ് ആയും ബാങ്ക് ബുക്കിൽ രേഖപ്പെടുത്തി<br>Written By: Dhanya Dhileep (Auditor, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-13 |
| 16 | വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-14 |

| | | |
|---|---|---|
| 17 | REVOKE ചെയ്ത പെർമ്മിറ്റിന്മേൽ തുടർ നടപടി സ്വീകരിച്ചില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-15 |
| 18 | 2017 ലെ അനധികൃത നിർമ്മാണം നാളിതുവരെ നിയമ പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-16 |
| 19 | അനധികൃത നിർമ്മാണം - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-17 |
| 20 | മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-18 |
| 21 | കാൻ തൃശ്ശൂർ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-19 |
| 22 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഇല്ല.<br>Written By: Sumitha T.S (Asst. Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-20 |
| 23 | HMC വാർഷികകണക്കുകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Dhanya Dhileep (Auditor, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-21 |
| 24 | വനിതാഫിറ്റ്നസ് സെന്ററിലേക്ക് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്രദമാക്കാൻ സാധിച്ചിട്ടില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-22 |
| 25 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-23 |
| 26 | ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായില്ല<br>Written By: Sheena K T (Audit Officer, On 20-08-2021)<br>Last Updated By: Sheena K T (Audit Officer, On 20-08-2021) | 1-24 |
| 27 | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ- കരാറുകാരന് ബിൽ തുക നൽകുമ്പോൾ റിടെൻഷൻ പിടിക്കുന്നില്ല.<br>Written By: Sheena K T (Audit Officer, On 20-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-25 |
| 28 | തെരുവ്വിളക്ക് സാമഗ്രികൾ വാങ്ങുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Sheena K T (Audit Officer, On 20-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-26 |
| 29 | അസി.സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ സമ -തുല്യതാ പരീക്ഷ- ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Sheena K T (Audit Officer, On 22-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-27 |
| 30 | സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Sheena K T (Audit Officer, On 22-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-28 |
| 31 | പൊതുമരാമത്ത് ഓഡിറ്റ് നിരീക്ഷണങ്ങൾ.<br>Written By: Sivadasan A K (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-29 |
| 32 | കുടുംബശ്രീ ആസ്ഥാന മന്ദിരത്തിന് കെട്ടിട നിർമ്മാണം. എം.ബുക്ക്, ഫൈനൽ ബിൽ എന്നിവ ഹാജരാക്കേണ്ടതാണ്.<br>Written By: Sivadasan A K (Asst. Audit Officer, On 16-08-2021) | 1-30 |

| | | |
|---|---|---|
| | Last Updated By: Sheena K T (Audit Officer, On 14-12-2021) | |
| 33 | കാർഷിക ഉപകരണങ്ങൾക്ക് ഷെഡ് നിർമാണം. ബിൽ തുക നൽകാൻ ബാക്കി നിൽക്കുന്നു<br>Written By: Sivadasan A K (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-31 |
| 34 | സിംഗിൾ ടെൻഡർ തുറന്നത് നിയമപരമായി നിലനിൽക്കാത്ത പ്രവർത്തിയുടെ കാരണം വ്യക്തമാക്കേണ്ടതാണ്.<br>Written By: Sivadasan A K (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 17-08-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 17-08-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 14-12-2021) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം/തിയതി | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 24-3-2020 | 1 | 223602000 | 219644000 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം/തിയതി | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 19-2-2021 | 1 | 239452410 | 210881261 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2021 | 20-7-2021 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14544802 |
| വരവ് | 82495938 |
| ആകെ | 97040740 |
| ചെലവ് | 85165945 |
| നീക്കിയിരിപ്പ് | 11874795 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 15919028 | 15919028 | 15360535 | 558493 |
| വികസനഫണ്ട്-എസ് സി പി | 0 | 9425912 | 9425912 | 7337310 | 2088602 |
| വികസനഫണ്ട്-ടി എസ് പി | - | - | - | - | - |
| മെയിന്റനൻസ്-റോഡ് | 0 | 10208000 | 10208000 | 10208000 | 0 |
| മെയിന്റനൻസ്-നോൺറോഡ് | 0 | 3456681 | 3456681 | 3410521 | 46160 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 13870571 | 13870571 | 8936570 | 4934001 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 250 | 96942882 | 120 | 64384718 | 116 | 14 | 48 |

## 1-6 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 5743200 | 396 |
| വിധവാ പെൻഷൻ | 13598900 | 946 |
| വാർദ്ധക്യകാലപെൻഷൻ | 35340200 | 2785 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 4615100 | 324 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 819900 | 61 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 330000 | 11 |

## 1-7 ക്യാഷ് പരിശോധന

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-08-2021 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6582/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1948 | 1202040 | 1203988 | 1195930 | 8058 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 19916263 | 19918211 | 19918211 | - |

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ നിർവഹണോദ്യോഗസ്ഥരുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല. മീറ്റിംഗ് മിനിറ്റ്സുകൾ ആധികാരികമാക്കി സൂക്ഷിക്കുന്നുണ്ട്. പണമിടപാടു കാര്യത്തിൽ ആഭ്യന്തര നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്.

## 1-10-1 സാഖ്യ സഞ്ചയ ഡിമാന്റുകൾ തമ്മിൽ വ്യത്യാസം

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 9 പ്രകാരമുള്ള വസ്തു നികുതിയിലെ അഡ്വാൻസ് തുക സഞ്ചയ സ്റ്റേറ്റുമന്റിലെ അഡ്വാൻസ് തുകയുമായി താഴെ ചേർക്കും പ്രകാരം യോജിക്കുന്നില്ല.

| വിഭാഗം | സഞ്ചയ പ്രകാരം | സാംഖ്യ(വാർഷിക കണക്ക പ്രകാരം) |
|---|---|---|
| റസിഡൻഷ്യൽ | 44975 | 40711 |
| നോൺ റസിഡൻഷ്യൽ | 7913 | 31768 |

## 1-10-2 റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് -ഡെപ്പോസിറ്റ് ,ഫൈൻ തുകകൾ അതത് ഹെഡ്ഡുകളിൽ ചേർത്തിട്ടില്ല.

2020-21 ൽ കൊച്ചി സേലം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ ലഭിച്ച 3008654 രൂപയിൽ 90000/-രൂപ ഡെപ്പോസിറ്റ് ആയും 10000/-രൂപ ഫൈൻ ആയും ഡിമാന്റ് ചെയ്തതാണ്. എന്നാൽ പ്രസ്തുത തുകകൾ അതത് ഹെഡ്ഡിലേക്ക് മാറ്റി ഇട്ടിട്ടില്ല. 140700101 എന്ന ഹെഡ്ഡിൽ (Restoration Charges For Road Cutting) തന്നെയാണ് മുഴുവൻ തുകയും ചേർത്തിരിക്കുന്നത്. തുകകൾ അതത് ഹെഡ്ഡിൽ തന്നെ ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10-3 ഇൻവെസ്റ്റ്മെന്റ് പരിപാലനത്തിലെ അപാകതകൾ

വാർഷിക കണക്ക് ഷെഡ്യൂൾ ബി 12 പ്രകാരം ആകെ ഇൻവെസ്റ്റ്മെന്റ് വർഷാവസാന മൂല്യം 5412866 രൂപയാണ്. ഭൗതിക പരിശോധനയിൽ ആകെ ഇൻവെസ്റ്റ്മെന്റ് മൂല്യം 5661044 രൂപയാണ്.

പരിശോധനയിൽ ഇൻവെസ്റ്റ്മെന്റുകൾക്കായി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നുകണ്ടു. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-11 രസീതി പരിശോധന - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർക്ക് 24/07/2020 തീയതിയിൽ നല്കിയ രസീത് ബുക്ക് നമ്പർ : 57311 പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. രസീതി നമ്പർ 5 മുതൽ 33 വരെയുള്ള രസീതികളിലായി കോസ്റ്റ് ഓഫ് ടെണ്ടർ ഫോം ഇനത്തിൽ തുകകൾ ഈടാക്കിയിട്ടുണ്ട്, എന്നാൽ ടി രസീതികളുടെ പകർപ്പ് ബന്ധപ്പെട്ടവർക്ക് നൽകിയിട്ടില്ല.

2. രസീതി നമ്പർ 9 , 12, 13 , 14, 33 എന്നിവയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

3. രസീതി നമ്പർ 13 ൽ തുക അടവാക്കിയ വ്യക്തിയുടെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

4. രസീതി നമ്പർ 5, 7, 17, 18, 19, 20, 21 എന്നീ അസ്സൽ രസീതികളിൽ തീയതി രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ടി രസീതികളുടെ ഡ്യൂപ്ലിക്കേറ്റിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ: 4, തീയതി : 6/08/2021) അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. കേരളാ ട്രഷറി കോഡ്, വോള്യം 1, ആർട്ടിക്കിൾ 90(എ), കേരളപഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 20 എന്നിവ പ്രകാരം ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് രസീതുകൾ എഴുതേണ്ടതും, രസീതിയുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും പണം ഒടുക്കിയ ആൾക്ക് ഡ്യൂപ്ലിക്കേറ്റ് നൽകേണ്ടതുമാണ്.

## 1-12 ഡെ ബുക്ക് പ്രകാരമുള്ള തുകയെക്കാൾ കൂടിയ തുക ബാങ്കിൽ അടവാക്കി

6/11/2020 തീയതിയിലെ ഡെ ബുക്ക് പ്രകാരം ക്യാഷ് ഇനത്തിൽ 4665/-രൂപ വരവുണ്ട്. ഇതേ തീയതിയിലെ വരവ് തുക ബാങ്കിൽ അടവാക്കിയത് അടുത്ത പ്രവൃത്തി ദിനമായ 9/11/2020 തീയതിയിലാണ് (കാട്ടുകുറ്റി സർവീസ് സഹകരണബാങ്ക് ലിമിറ്റഡ് നം. 628, A/C No: 2744). എന്നാൽ ബാങ്കിൽ അടവാക്കിയ തുക 10566/- രൂപയാണ്. കൂടുതൽ അടവാക്കിയ തുകയായ 5901/- രൂപ 5/11/2020, 6/11/2020 തീയതികളിലെ കളക്ഷൻ തുകയാണ്, എന്നാൽ ടി തുക 11/11/2020 തീയതിയിലാണ് സാംഖ്യയിൽ രസീറ്റ് ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| രസീതി ബുക്ക് നം. | മാന്വൽ രസീതി നം./തീയതി | തുക | സാംഖ്യ രസീതി നം/തീയതി |
|---|---|---|---|
| 57314 | 1 മുതൽ 5 വരെ/6-11-2020 | 1805 | 120050102068/11-11-2020 |
| 57308 | 2 , 3 രസീതികൾ/5-11-2020 | 708 | 120050102066/11-11-2020 |
| 57308 | 4 മുതൽ 9 വരെ/6-11-2020 | 3388 | 120050102067/11-11-2020 |
| | ആകെ തുക | 5901 | |

ഡെ ബുക്ക് പ്രകാരമുള്ള തുകയെക്കാൾ 5901/- രൂപ കൂടുതൽ അടവാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ: 16, തീയതി: 11/08/2021) ലഭ്യമായ മറുപടി അംഗീകരിക്കാവുന്നതല്ല. ഡെ ബുക്കിൽ ഉള്ള തുകയെക്കാൾ അധികരിച്ച തുക ബാങ്കിൽ അടവാക്കാനിടയായത് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയായി ഓഡിറ്റ് വീക്ഷിക്കുന്നു. കാഷ്യർ അല്ലെങ്കിൽ പണം കൈകാര്യം ചെയ്യുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പണം ലഭിച്ച ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പണം അക്കൗണ്ടുകളിൽ ഒടുക്കിയെന്ന് അക്കൗണ്ടന്റ് ഉറപ്പാക്കേണ്ടതും പണം ഒടുക്കിയതിൽ അപാകതകൾ ഉണ്ടെങ്കിൽ അവ ഉടൻ തന്നെ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം (26)). ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 സെൽഫ് ചെക്ക് പ്രകാരം പിൻവലിച്ച തുക ക്യാഷ് ആയും പെയ്മെന്റ് ആയും ബാങ്ക് ബുക്കിൽ രേഖപ്പെടുത്തി

സെൽഫ് ചെക്കായി പിൻവലിച്ച തുകകൾ ബാങ്ക് ബുക്കിൽ ക്യാഷ് ആയും പെയ്മെന്റ് ആയും രേഖപ്പെടുത്തിയിരിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ/തീയതി | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|---|
| 1 | 32000105/14-08-2020 | 287237/14-08-2020 | 982 |
| 2 | 32000108/18-08-2020 | 287240/18-08-2020 | 5817 |
| 3 | 32000116/27-08-2020 | 287283/27-08-2020 | 18675 |
| 4 | 32000130/17-09-2020 | 287289/17-09-2020 | 1447 |
| 5 | 32000132/18-09-2020 | 287292/18-09-2020 | 3507 |
| 6 | 32000198/08-12-2020 | 289270/8-12-2020 | 15950 |

മേൽ സൂചിപ്പിച്ച ചെക്ക് നമ്പർ പ്രകാരമുള്ള തുകകൾ ചെക്ക് ഇഷ്യൂ ചെയ്ത തീയതിയിൽതന്നെ കാട്ടുകുറ്റി സർവീസ് സഹകരണബാങ്ക് ലിമിറ്റഡ് നം.628 , അക്കൗണ്ട് നം. No: 2744 ൽ നിന്നും പിൻവലിച്ചിട്ടുള്ളതാണ്. കൂടാതെ മേൽ സൂചിപ്പിച്ച തീയതികളിൽ ക്യാഷിയറുടെ കൈവശമുള്ള ക്യാഷ് ബാലൻസ്, ക്യാഷ് ബുക്കിലെ ബാലൻസ് എന്നിവയിൽ വ്യത്യാസവും ഉണ്ട്. ബാങ്ക് ബുക്കിൽ ക്രമ നം. 1 മുതൽ 5 വരെയുള്ള വൗച്ചറുകളുടെ റിവേഴ്സ് എൻട്രി വരുത്തിയത് 14/10/2020 തീയതിയിലും ക്രമ നം. 6 വൗച്ചറിന്റെ റിവേഴ്സ് എൻട്രി വരുത്തിയത് 05/01/2021 തീയതിയിലും ആണ്. രണ്ട് മാസങ്ങൾക്ക് ശേഷം മാത്രമാണ് അപാകത പരിഹരിച്ചിട്ടുള്ളത്. ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി

ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലും നീക്കിയിരിപ്പും പരിശോധിക്കേണ്ടതും അത്തരം പരിശോധനയുടെ സൂചകമായി ക്യാഷ്ബുക്കിൽ ഒപ്പ് വയ്ക്കേണ്ടതുമാണ്. ക്യാഷിയറുടെ കൈവശമുള്ള ക്യാഷ് ബാലൻസും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ ബാലൻസും ഓരോ ദിനാന്ത്യത്തിലും പരിശോധിച്ച് സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ക്യാഷ്ബുക്കിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്റൂൾസ് റൂൾ5(4)). ഇപ്രകാരം ഓരോ ദിനാന്ത്യത്തിലും ക്യാഷ് ബുക്ക് ബാലൻസ് നോക്കിയിരുന്നെങ്കിൽ അടുത്ത ദിവസം മേൽ അപാകത തിരുത്താമായിരുന്നു.

## 1-14 വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്

2020 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ –13 പ്രകാരം വിനോജ്.കെ.ജോസ്, കവലക്കാട്ട് എന്നവരുടെ കെട്ടിടനമ്പർ III/252K, III/252L (നിലവിൽ പാർപ്പിടാവശ്യം) എന്നിവയ്ക്ക് ഹോം സ്റ്റേ ലൈസൻസ് എൻ.ഒ.സി. അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ സഞ്ചയയിൽ നിന്നുള്ള നികുതി നിർണ്ണയ വിവരങ്ങളിൽ ഉപയോഗം പാർപ്പിടാവശ്യം എന്നുതന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി കെട്ടിടങ്ങൾ നിലവിൽ ഹോം സ്റ്റേയ്ക്കായി ഉപയോഗിക്കുന്നുണ്ടോ എന്ന് അന്വേഷിക്കേണ്ടതും ഉണ്ടെങ്കിൽ സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

## 1-15 REVOKE ചെയ്ത പെർമ്മിറ്റിന്മേൽ തുടർ നടപടി സ്വീകരിച്ചില്ല.

ഫയൽ നമ്പർ -ഇ -122/2021/6.1.2021

പിപികെ സെറാമിക്സ്, വാർഡ് 16, സ്റ്റീഫൻ ആന്റ് സിജി, പുത്തൻവീട്ടിൽ, പാളയംപറമ്പ്

ടിയാൻ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് സമർപ്പിച്ച പ്ലാനിൽ താഴെ പറയുന്ന ന്യൂനതകൾ ഉള്ളതായി ഇ - 122/21/21.1.2021 ൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

1. ടിയാന് നൽകിയിരുന്ന ഒറിജിനൽ പെർമ്മിറ്റിൽ (E-2826/20/14.7.2020) സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ശ്രീ. സ്റ്റീഫന്റെ പേരിലുള്ള സർവ്വെ നമ്പർ –1553/1, 1553/2 ലെ 2686 എരിയയിൽ 462.01 എം2 കെട്ടിട നിർമ്മാണത്തിനായിരുന്നു. എന്നാൽ കംപ്ലീഷൻ പ്ലാനിൽ ഉടസ്ഥാവകാശം സ്റ്റീഫൻ & സിജി എന്നിവരുടെ സംയുക്തമായ പേരിൽ മാറ്റി.

2. സർവ്വെ നമ്പർ -1551/1, 1553/2, 1553/1-6 എന്നിവയാണ് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതു പ്രകാരം പ്ലോട്ട് വിസ്തീർണ്ണം 3150 എം2 ആയി വർദ്ധിച്ചു. നിർമ്മിത വിസ്തീർണ്ണം 547.34 എം2 ആയും വർദ്ധിച്ചു. കൂടാതെ 1600/11599/31565/5-2 എന്നീ സർവ്വെ നമ്പറുകൾ കൂടി ചേർക്കുകയും ചെയ്തു. ആയതിൽ നിലവും ഉൾപ്പെട്ടിട്ടുണ്ട്.

നൽകിയ പെർമ്മിറ്റിൽ വ്യതിയാനം ഉണ്ടെങ്കിലോ പ്ലോട്ടിന്റെ കൈമാറ്റം, കൂട്ടി ചേർക്കൽ എന്നിവ ഉണ്ടെങ്കിലോ KPBR ചട്ടം 17 പ്രകാരം സെക്രട്ടറിയെ അറിയിച്ച് പുതുക്കിയ അനുമതി വാങ്ങേണ്ടതായിരുന്നു. ആയതിനാൽ പഴയ പെർമ്മിറ്റ് REVOKE ചെയ്തു. ചട്ടം 92 പ്രകാരം ഉള്ള വ്യവസ്ഥ പാലിച്ച് കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷയും പ്ലാനുകളും അനുബന്ധ രേഖകളും ഹാജരാക്കുവാനും (21.1.2021 ൽ) ടിയാളോട് ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല.

ഈ വിഷയത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 വകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 2017 ലെ അനധികൃത നിർമ്മാണം നാളിതുവരെ നിയമ പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല.

ഫയൽ നമ്പർ –E-7652/2020/24.11.2020

സിജു വി ആന്റോ

റിച്ച് ഡയറി

അന്നനാട്, വാർഡ് 4

ശ്രീ സിജു വി ആന്റോ, റിച്ച് ഡയറി, അന്നനാട്, 4-ാം വാർഡ് എന്നയാൾ അനധികൃത കെട്ടിടനിർമ്മാണം നടത്തുന്നതായി പരാതി ലഭിച്ചതിനെ ഉടർന്ന് സെക്രട്ടറി E-6706/2020/9.11.2020 നോട്ടീസ് പ്രകാരം ടിയാനോട് അനധികൃത നിർമ്മാണം നിറുത്തി വക്കുവാൻ ആവശ്യപ്പെടുകയും 15 ദിവസത്തിനകം മറുപടി നൽകുവാൻ സമയം അനുവദിക്കുകയും ചെയ്തു. ടിയാൾ 24.11.2020 ൽ നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനും പുതിയ നിർമ്മാണങ്ങളുടെ അനുമതിക്കുമായി അപേക്ഷ സമർപ്പിച്ചു. ടിയാൾ നൽകിയ കത്തിൽ 1.4.2017 ൽ ടിയാൾ നിലവിൽ ക്രമവൽക്കരിക്കുന്നതിനായി അപേക്ഷ നൽകിയ നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനായി അപേക്ഷ നൽകിയിരുന്നതായും ആയത് ജില്ലാ ടൗൺ പ്ലാനർ നിരസിച്ചതായും അറിയിക്കുകയും ജില്ലാ ടൗൺ പ്ലാനറുടെ കത്തും ഹാജരാക്കുകയും ചെയ്തു. കത്തിൽ 1.4.2017 ലെ ഇ- 934/17(1835/17)കത്ത് പ്രകാരം പഞ്ചായത്ത് ടിയാന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ക്രമവൽക്കരിക്കുന്നതിനായാണ് ഫയൽ ടൗൺപ്ലാനർക്ക് അയച്ചിരുന്നത്. എന്നാൽ അയച്ച പ്ലാനിൽ പുതിയ നിർമ്മാണാനുമതി എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ടൗൺ പ്ലാനറുടെ സി1-991/17/Ldis/29.4.2017 കത്തിൽ പ്ലാനിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടിയതിനൊപ്പം മേൽ പ്രകാരം അനധികൃത നിർമ്മാണം ഉണ്ടായ സാഹചര്യം വ്യക്തമാക്കുവാനും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ ഫയലിൽ തുടർന്ന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുകയോ സഞ്ചയയിൽ ഇത് സംബന്ധിച്ച രേഖകളോ ഇല്ല.

24.11.2020ൽ പരാതിയെ തുടർന്ന് ടിയാൻ സമർപ്പിച്ച പ്ലാനിനൊപ്പം ഹാജരാക്കിയ പൊസഷൻ സർട്ടിഫിക്കറ്റിൽ സർവ്വെ നമ്പറുകൾ 9 എണ്ണം നിലമായാണ് രേഖപ്പെടുത്തിയിരുന്നത്. ആയതിനാൽ RDO യുടെ അനുമതി ഇല്ലാതെ പെർമ്മിറ്റ് അനുവദിക്കുവാൻ സാധിക്കുകയില്ല എന്നും ആയതിനു ശേഷം മാത്രമേ സാങ്കേതിക പരിശോധന നടത്തേണ്ടതുള്ളൂ എന്നും അസി എൻജിനീയർ കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

ടിയാൻ സമർപ്പിച്ച പ്ലാനിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തൃതി 55.40എം2 ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സഞ്ചയയിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം

4/103 സി- 105എം2 -ലൈവ് സ്റ്റോക്ക് ഷെഡ്

4/103 ഡി 194.48 എം2 -വ്യവസായ കെട്ടിടം

4/103 ഇ-37.2എം2-വാണിജ്യ കെട്ടിടം

4/103 എഫ് 24.2 എം2 -വാണിജ്യം

എന്നിങ്ങനെ 4 കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടുണ്ട്. ആദ്യ 3 എണ്ണത്തിന് 2013 ഒന്നാം അർദ്ധ വർഷത്തിലും അവസാനത്തേതിന് 2015 ആദ്യ അർദ്ധവർഷത്തിലുമാണ് നമ്പർ നൽകിയിട്ടുള്ളത്.

28.1.2021 ൽ നമ്പർ -7652/2020 ആയി സെക്രട്ടറി AE, LSGD സെക്ഷൻ കാട്ടുകറ്റിക്ക് ശ്രീ.സിജോ വി ആന്റോ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നിലവിലുള്ള കെട്ടിടങ്ങളോട് ചേർന്ന് പണിതിരിക്കുന്ന നിർമ്മാണങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു. എന്നാൽ നാളിതുവരെ അസി എൻജിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല.

2017 ൽ കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കാത്തത് ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.

ഈ വിഷയത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 വകുപ്പ്, കേരള പഞ്ചായത്ത് ബിൽഡിങ്ങ് റൂൾ ചട്ടം 90 എന്നിവ പ്രകാരം തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 അനധികൃത നിർമ്മാണം - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

2020-21 വർഷത്തെ വിവരാവകാശഫയൽ പരിശോധനയിൽ 7163/ഡി/6-11-2020 ആയി ലഭിച്ച വിവരാവകാശ അപേക്ഷയുള്ള (ഷൈനി ഫ്രാൻസി, 3സി, ചേലൂർ, ഗോൾഡൻ എൻക്ലേവ്, ചെമ്പുക്കാവ് സമർപ്പിച്ചത്) മറുപടിയിൽ (ലെറ്റർ നം. ഡി-7163/20/25.11.2020) വാർഡ് നമ്പർ ആറിൽ, സർവെ നം. 151 ൽ ശ്രീ. ബാലശാസ്താ ഓഡിറ്റോറിയം നിർമ്മാണത്തിന് പഞ്ചായത്ത് അനുമതി ഇല്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അനധികൃത നിർമ്മാണത്തിനെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ : 6, തീയതി : 6/08/2021) അനധികൃതനിർമ്മാണം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്ന മറുപടിയാണ് ലഭ്യമായിട്ടുള്ളത്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് നം : 117/20-21
നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആയുർവേദം)

പ്രോജക്ടിന്റെ പേര് : കാട്ടുകുറ്റി ആയുർവേദ ആശുപത്രി എൻ. എച്ച്.എം ഡിസ്പെൻസറി എന്നിവിടങ്ങളിൽ മരുന്ന് വാങ്ങൽ

ആകെ അടങ്കൽ : 1020000

ചെലവ് : 1020000

BRN No :20230452024200194350 , തീയതി :25/5/2020, തുക :500000

BRN No :20230452024200791992 , തീയതി : 1 /12/2020, തുക :150000

BRN No :20230452024201280764 , തീയതി :18/3/2021, തുക :370000

മേൽസൂചിപ്പിച്ച ബില്ലുകൾ പ്രകാരം 1020000 രൂപ ഔഷധിക്ക് കൈമാറിയിട്ടുള്ളതിൽ 45531 രൂപയുടെ മരുന്ന് കൂടി ലഭ്യമാകാനുണ്ട്. മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 കാൻ തൃശ്ശൂർ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രോജക്ട് നം : 41/21
നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രോജക്ടിന്റെ പേര് : കാൻ തൃശ്ശൂർ

ട്രഷറി ബിൽ നം : 29, തീയതി : 9/3/2021

തുക : 150000/-

മേൽ ബിൽ പ്രകാരം 150000/- രൂപ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഫണ്ട് വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-20 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഇല്ല.

പദ്ധതി നമ്പർ – 96/2021
നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

ബിൽ നമ്പർ – 3.2.2021 - 400000/-

മേൽ ബിൽപ്രകാരം ആകെ 4 ലക്ഷം രൂപ എസ് എൽ ബി പി ക്ക് കൈമാറുകയും ചെറുവാളൂർ ക്ഷീര സംഘം മുഖേന ഫീഡ് വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി അവസാനിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പദ്ധതിയിൽ നിന്ന് സബ്സിഡി മുഴുവനായും വാങ്ങാതെ ആരെങ്കിലും വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും അപ്രകാരം ആരെങ്കിലും

വിട്ടുപോയിട്ടുണ്ടെങ്കിൽ ബാലൻസ് വിഹിതം ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-21 HMC വാർഷികകണക്കുകൾ ഹാജരാക്കിയിട്ടില്ല.

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യൂ.ഡി തീ.03.12.2004 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള താഴെ ചേർക്കുന്നതു പ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി 2020-21 സാമ്പത്തിക വർഷം ഉൾപ്പടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി | രൂപീകൃതമായ വർഷം/തീയതി | ഓഡിറ്റിന് ഹാജരാക്കാനുള്ള വാർഷിക കണക്കുകൾ |
|---|---|---|
| അലോപ്പതി വിഭാഗം, എഫ്.എച്ച്.സി, കാട്ടുകുറ്റി | 22.08.2007 | 2007-08 മുതൽ 2020-21 ഉൾപ്പെടെയുള്ളത് |
| ഹോമിയോ വിഭാഗം, ജി.എച്ച്.ഡി, കാട്ടുകുറ്റി | 29.02.2020 | 2019-20 & 2020-21 |

## 1-22 വനിതാഫിറ്റ്നസ് സെന്ററിലേക്ക് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്രദമാക്കാൻ സാധിച്ചിട്ടില്ല.

പദ്ധതി നമ്പർ :118/2021

അനനനാട് വനിതാ ഫിറ്റ്നസ് സെന്ററിലേക്ക് സെൻട്രൽ സർജിക്കൽസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും 20.01.2021 ന് മോട്ടോറൈസ്ഡ് ട്രെഡ് മിൽ (2.5 HP), സ്പിൻബൈക്ക് 18 Kg ഫ്ലൈവീൽ, ഹോം ജിം പി വി സി വേയ്റ്റ് 21, AB King Pro വർക്ക് ഔട്ട്സ്, ഡംബെൽസ് 1kg Pair & 2 Kg Pair എന്നീ ഫിറ്റ്നെസ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ബിൽ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ, തിയതി | തുക | ഫണ്ടിനം |
|---|---|---|---|
| 1 | 15/2020-21,29.01.2021 | 69926 | വികസനഫണ്ട് ജനറൽ |
| 2 | 17/2020-21,01.03.2021 | 70033 | വികസനഫണ്ട് ജനറൽ |
| 3 | NIL/28.01.2021 | 30600 | തനത് ഫണ്ട് |

ഫിറ്റ്നെസ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് ഇൻസ്ട്രക്ടറുടെ സേവനം ഉറപ്പ് വരുത്താതെയാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് .

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ ഉത്തരവുകൾക്കും സർക്കുലറുകൾക്കും അനുസൃതമായി ഭാവിയിൽ ഉപകരണങ്ങൾ ഉപയുക്തമാക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നമ്പർ : 24/2021

ഫണ്ട് : വികസനഫണ്ട് എസ്.സി.പി.

ഈ പദ്ധതിയിൽ ഭാഗികമായി തുക കൈപറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ ,തിയതി | കൈമാറിയ തുക | ഭവനനിർമ്മാണത്തിലെ പുരോഗതി |
|---|---|---|---|
| സുകന്യ അമ്പാട്ടുപറമ്പിൽ,W/Oരാജേഷ്, കരിയാമ്പറത്ത്, കാതിക്കുടം | 10/2020-21,21.10.2020 | 40000 | ഭവന നിർമ്മാണം ആരംഭിട്ടില്ല |
| കുഞ്ഞയ്യപ്പൻ, നെട്ടുംകുളം, കാട്ടുകുറ്റി | 05/2020-21, 24.08.2020 | 40000 | ലിന്റൽ നിർമ്മ്ണം പൂർത്തിയായി |
| | 13/2020-21, 22.12.2020 | 160000 | |

മേൽപറഞ്ഞ ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് ഭവനനിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഭവനമിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം നൽകിയ തുക തിരികെ പിടിയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായില്ല

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതി നം.8/21,ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്നതിലേക്കായി, 1,50,000/രൂപാ (ബിൽ നം.41/20-21, Amt.126000/, ബിൽ നം.266/20-21,amt.24000/രൂപാ)ഹോംകോയിലേക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായില്ല. മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ- കരാറുകാരന് ബിൽ തുക നൽകുമ്പോൾ റിടെൻഷൻ പിടിക്കുന്നില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.177/ഡിഎ3/2016, ത സ്വ ഭ വ, തിയതി. 7-11-2017 പ്രകാരം, തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി കരാർ ഏറ്റെടുക്കുന്ന കരാറുകാരൻ എ എം സിയിൽ പറഞ്ഞിരിക്കുന്ന പണി നടത്തുന്നതിനനുസൃതമായി ഹാജരാക്കുന്ന ബില്ലുകളുടെ തുക നൽകുമ്പോൾ, ബിൽ തുകയുടെ 10% റിടെൻഷൻ കഴിച്ചുള്ള തുകയാണ് അനുവദിക്കേണ്ടത്. എന്നാൽ പഞ്ചായത്ത് ഈ നിർദ്ദേശം പാലിച്ച് കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-26 തെരുവ്വിളക്ക് സാമഗ്രികൾ വാങ്ങുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം. 134/21, തെരുവ്വ സാമഗ്രികൾ വാങ്ങൽ എന്നതിൽ, എ ബി സി മാർക്കറ്റിംഗ് കമ്പനിയിൽ നിന്നും, ഇൻവോയ്സ് നം. 2688, തി.30-3-2019 ൽ, Holder For SV Lamps E40, 10 എണ്ണത്തിനായി 584.70/ രൂപയും, ഇൻവോയ്സ് നം. 191867, തിയതി. 16-11-2019 ൽ, Holder For SV Lamps E40, 50 എണ്ണത്തിനായി, 2923.50/ രൂപയും ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് ചെയ്തിട്ടുണ്ട്. (ബിൽ നം.6/20-21, Dt.20-5-2020, Amt-141339). പദ്ധതി മാർഗരേഖാ, സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത സ്വ ഭ വ, തിയതി. 14-2-2018, തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച ഖണ്ഡിക, 7.9.1 ൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി, സോഡിയം വേപ്പർ ലാമ്പുകൾ, മെർക്കുറി വേപ്പർ ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനോ, മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള പദ്ധതികൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ നിലവിൽ സ്ഥാപിച്ചവയുടെ അറ്റകുറ്റപ്പണികൾ തനത് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാവുന്നതാണ്. പഞ്ചായത്ത് ഈ നിർദ്ദേശം പാലിക്കുന്നതിൽ ഏതാനും വർഷങ്ങളിലായി വീഴ്ച വരുത്തുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-27 അസി.സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ സമ -തുല്യതാ പരീക്ഷ-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയും, കുടുംബശ്രീയും പൊതുവിദ്യാഭ്യാസവകുപ്പും ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ കുടുംബശ്രീ അംഗങ്ങളായ സ്ത്രീകൾക്ക് പത്താം തരം, ഹയർ സെക്കണ്ടറി തുല്യതാ വിദ്യാഭ്യാസം നൽകുന്നതിന് വേണ്ടി ആരംഭിച്ച പദ്ധതിയാണ് സമ. ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ അംഗങ്ങളായ മൂന്ന് പേർ പത്താം ക്ലാസ് തുല്യതാ പരീക്ഷയും, പതിനഞ്ച് പേർ ഹയർ സെക്കണ്ടറി ഒന്നും രണ്ടു വർഷ പരീക്ഷയും അപേക്ഷിച്ചിട്ടുള്ളതായി കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സൺ അറിയിച്ചിട്ടുണ്ട്.

തുടർന്ന് അസി. സെക്രട്ടറി മേൽപദ്ധതിയുടെ ഭാഗമായി, പത്താം ക്ലാസ് പരീക്ഷാ ഫീസിനത്തിൽ 7500/ രൂപയും, ഹയർ സെക്കണ്ടറി ഒന്നും രണ്ടും പരീക്ഷകൾക്കായി പതിനഞ്ച് പേർക്ക്, 88500/രൂപയും, ഡയറക്ടർ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. (ബിൽ നം.16, Dt.25-3-2021, Amt.96000/)

പദ്ധതിയുടെ തുടർനടപടികൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21 ന് നൽകിയ മറുപടിയിൽ എല്ലാവരും സാക്ഷരതാ മിഷനിൽ രജിസ്റ്റർ ചെയ്തതായും, ക്ലാസുകൾ ആരംഭിച്ചതായും അറിയിച്ചിട്ടുണ്ട്. എന്നാൽ പഠിതാക്കൾ പരീക്ഷകൾക്കായി ഹാജരായി

ആയതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 96000/ രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം | പദ്ധതിയുടെ പേര് | കൈമാറിയ തുക | ബിൽ നം, തിയതി | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 1//2020-21 | എസ് എസ് എ വിഹിതം നൽകൽ | 300000 | 21/20-21,27-8-20 | ജില്ലാ പ്രോജക്ട് ഓഫീസ്, തൃശ്ശൂർ |
| 21/2020-21 | എ ബി സി പ്രോഗ്രാം | 50000 | 38/2020-21,20-1-21 | കുടുംബശ്രീ, ജില്ലാമിഷൻ, കോ ഓർഡിനേറ്റർ |
| 136/2020-21 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 6754<br>30952<br>432955<br>35100 | 62/20-21,29-3-21<br>7/20-21,20-5-20<br>9/20-21,20-5-20 | കെ എസ് ഇ ബി, കൊരട്ടി<br>കെ എസ് ഇ ബി, ചാലക്കുടി, കൊരട്ടി<br>കെ എസ് ഇ ബി, കൊരട്ടി |
| 193/21 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ, ട്യൂബ് സെറ്റ് സ്ഥാപിക്കൽ | 279484<br>326214 | 70/18-6-2020 | ഇലക്ട്രിക്കൽ സെക്ഷൻ, അന്നമനട<br>കെ എസ് ഇ ബി കൊരട്ടി |
| 194/21 | എക്കാട്ടിൽ കളപ്പുരക്കൽ എൽ ഐ പൈപ്പ് ലൈൻ പോസ്റ്റ് സ്ഥാപിച്ച് ഇലക്ട്രിക് ലൈൻ വലിക്കൽ | 83136 | 22000336, Dt.nil | കെ എസ് ഇ ബി, കൊരട്ടി |

| | | | | |
|---|---|---|---|---|
| | | | | |
| 263/21 | ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ | 405000 | 323/5-3-2021 | മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി മെമ്പർ സെക്രട്ടറി SWSM |
| 168/20-21 | കക്കാട് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1,50,000 | 27/2020-21,30-9-2020 | വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ, ഇരിങ്ങാലക്കുട |

വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

## 1-29 പൊതുമരാമത്ത് ഓഡിറ്റ് നിരീക്ഷണങ്ങൾ.

പ്രത്യേകം വിശദമായി പരിശോധനാവിധേയമാക്കിയ വർക്ക് ഫയലുകൾ, രജിസ്റ്ററുകൾ എന്നിവയിലെ പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു. 19-20, 20-21 വർഷങ്ങളിലെ ഓഡിറ്റ് ഒരേ സമയത്തായതിനാലും, അപാകതകളുടെ ഏകീകൃത സ്വഭാവം നിമിത്തവും ഇതേ വിഷയങ്ങൾ 19-20 വർഷത്തെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്.

1.സെലക്ഷൻ നോട്ടീസിൽ തിയ്യതി രേഖപ്പെടുത്താത്തത്

സെലക്ഷൻ നോട്ടീസിൽ തിയ്യതി രേഖപ്പെടുത്തുക എന്നത് വളരെ പരമപ്രധാനമായ ഒന്നാണ്. പി.ഡബ്ല്യു മാനവൽ ഖണ്ഡിക. 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് തിയ്യതി മുതൽ പതിനാല് ദിവസത്തിനകം കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥനുമായി ചേർന്ന് എഗ്രിമെന്റ് ഒപ്പു വെയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാർ തുകയുടെ 1% വരുന്ന പിഴയോടു കൂടി മാത്രമേ അടുത്ത പത്തു ദിവസത്തേക്ക് കരാർ വെയ്ക്കാൻ പാടുള്ളൂ. ഇതിൽ സെലക്ഷൻ നോട്ടീസ് തിയ്യതി, നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായിത്തന്നെ കണക്കാക്കുന്നതിനാൽ തിയ്യതി വെയ്ക്കാതെ സെലക്ഷൻ നോട്ടീസ് നൽകുന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു.

ഉദാ. ആറങ്ങാലി കമ്പളത്ത് അമ്പലം റോഡ് കോൺക്രീറ്റിംഗ്

കാർമൽ കോളനി ലിങ്ക് റോഡ് ടൈൽ വിരിക്കൽ

2. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണമല്ല.

സെക്യൂരിറ്റി ഡെപ്പോസിറ്റ് വിവരങ്ങൾ ചേർക്കാൻ പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നു കാണുന്നു. എഗ്രിമെന്റ് രജിസ്റ്ററിലാണ് സെക്യൂരിറ്റി വിവരങ്ങൾ ചേർത്തു വരുന്നത്. എന്നാൽ രജിസ്റ്റർ പൂർണമല്ല എന്നു കാണുന്നു. ഉദാഹരണത്തിന് 19-20 വർഷത്തെ ക്രമ നമ്പർ 99, 100, 101 . 20-21 വർഷം ക്രമ നമ്പർ 1 മുതൽ 20 വരെ സെക്യൂരിറ്റി വിവരങ്ങൾ ഒന്നും ചേർത്തിട്ടില്ല എന്നു കാണുന്നു.

3. ടെൻഡർ രജിസ്റ്റർ പൂർണമല്ല.

2019-20, 20-21 വർഷത്തെ ടെൻഡർ രജിസ്റ്റർ പരിശോധിച്ചതിൽ എല്ലാ ടെൻഡർ വിവരങ്ങളുടെ അതിൽ ചേർക്കുന്നില്ല എന്നു കണ്ടു. ആയത് പരിഹരിക്കേണ്ടതാണ്. രജിസ്റ്ററിൽ ചേർത്ത വിവരങ്ങൾ പൂർണമല്ല. ഇ.എം.ഡി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി വരുന്നില്ല.

4. ജി.എസ്.ടി നിശ്ചിത ശതമാനം ബില്ലിനോടൊപ്പം കൂട്ടിച്ചേർത്ത് നൽകുന്ന സാഹചര്യത്തിൽ 2.5 ലക്ഷത്തിനു താഴെ ബിൽ തുക വരുന്ന വർക്ക് ബില്ലുകളിൽ ജി.എസ്.ടി . ടി. ഡി.എസ് ആയി കുറവ് ചെയ്യേണ്ടതില്ല. എന്നാൽ ഇത്തരം സാഹചര്യങ്ങളിൽ ബില്ലിനോടൊപ്പം കൂട്ടിച്ചേർത്തു നൽകിയ ജി.എസ്.ടി കരാറുകാരൻ അടച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും ഉപോത്ബലകമായ തെളിവുകൾ ഫയലിൽ ചേർക്കേണ്ടതുമാണ്.

II. വൈകി വെച്ച എഗ്രിമെന്റുകൾക്ക് പിഴ ഈടാക്കാത്തത്

പി.ഡബ്ല്യു മാനവൽ ഖണ്ഡിക.2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് തിയ്യതി മുതൽ പതിനാല് ദിവസത്തിനകം കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥനുമായി ചേർന്ന് എഗ്രിമെന്റ് ഒപ്പു വെയ്ക്കേണ്ടതാണ്. ഇപ്രകാരം നടപടി എടുക്കാത്ത താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകുകയും പിഴ ഈടാക്കിയതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുക അടവാക്കിയ വിവരം ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് തുടർനടപടികൾ തുടരേണ്ടതില്ല എങ്കിലും ഓഡിറ്റ് ഇംപാക്ട് ആയി റിപ്പോർട്ടിൽ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | ഈടാക്കിയ പിഴ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 193/20 | കലയിടം കപ്പേള റോഡ് വാർഡ് -10 ടൈൽ വിരിക്കൽ. | 4322 |
| 2 | 22/20 | കുട്ടാടം റോഡ് സെക്കൻഡ് റീച്ച്. | 3643 |

III. വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ നൽകിയിട്ടില്ല. ഫൈൻ കുറവുചെയ്തില്ല.

താഴെ ചേർക്കുന്ന പ്രവർത്തികളിൽ കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ (ഖണ്ഡിക 6,7) എന്നിവ ലംഘിച്ചിട്ടും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ ഒരു പിഴയും കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല എന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് നിർവ്വഹണോദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നു. തുടർന്ന് എഗ്രീഡ് പി.എ.സിയുടെ ഒരു ശതമാനം പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയത് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ വിവരത്തിന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. അയതിനാൽ ഇതിൻമേൽ ഇനി തുടർനടപടികൾ വേണ്ടതില്ല എങ്കിലും വിവരം ഓഡിറ്റ് ഇംപാക്ട് ആയി റിപ്പോർട്ടിൽ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവർത്തിയുടെ പേര് | ഈടാക്കിയ പിഴ |
|---|---|---|---|
| 1 | 248/21 | കമ്മ്യൂണിറ്റി ഹാൾ റെനവേഷൻ വർക്ക് | 4904 |
| 2 | 249/21 | കവാടം നിർമ്മാണം | 1987 |
| 3 | 213/21 | ഭിന്നശേഷി സൗഹൃദ ശുചി മുറി നിർമ്മാണം | 3540 |
| 4 | 210/21 | പോന്നേത്ത് കുന്ന് പട്ടിക ജാതി റോഡ് പുനരുദ്ധാരണം | 1005 |

ഓഡിറ്റുമായി ബന്ധപ്പെട്ട മറ്റു നിരീക്ഷണങ്ങൾ പ്രത്യേകം ഓഡിറ്റ് ഖണ്ഡികയായി ചേർത്തിരിക്കുന്നു.

## 1-30 കുടുംബശ്രീ ആസ്ഥാന മന്ദിരത്തിന് കെട്ടിട നിർമ്മാണം. എം.ബുക്ക്, ഫൈനൽ ബിൽ എന്നിവ ഹാജരാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ : 152/20

പ്രോജക്ട് നമ്പർ :169/21

വികസന ഫണ്ട് 20-21 ചിലവ് : 205251 വൗച്ചർ നമ്പർ : 22001181/ 28-04-2021

ജില്ലാ പഞ്ചായത്ത് ഫണ്ട്. 19-20 ചിലവ് : 950000 വൗച്ചർ നമ്പർ : 21900309 തിയ്യതി. 3/07/2019

കരാർ തിയ്യതി നമ്പർ :42/2018-19 തിയ്യതി. 17/06/2018

2018 -19 വർഷത്തെ ഈ പ്രോജക്ടിന് വകയിരുത്തിയിരുന്നത് ആകെ പ്ലാൻ ഫണ്ടിനത്തിൽ 10 ലക്ഷവും, ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 20 ലക്ഷവുമാണ്. പദ്ധതിക്കായി മേൽപ്രകാരം നിർമ്മിതി കേന്ദ്രവുമായി ബന്ധപ്പെട്ട് കരാർ ഒപ്പിട്ടിട്ടുണ്ട്. നിലവിൽ 18-19 വർഷം 1650000 രൂപയും, 19-20, 20-21 വർഷങ്ങളിലായി 1155251 രൂപയും ചേർത്ത് ആകെ 2805251 രൂപ ചിലവിട്ടിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. NKT/97/19-20 DT. 07/12/2019 പ്രകാരം നിർമ്മിതി കേന്ദ്രം അയച്ച കത്തിൽ ആകെ ആവശ്യപ്പെട്ട തുക 2999880 രൂപയാണ്. എന്നാൽ പഞ്ചായത്ത് തയ്യാറാക്കിയ കണക്കിൽ ആകെ ചിലവ് 2805251 രൂപയാണ്. വ്യത്യാസത്തിന്റെ ഒരു കാരണം നിർമ്മിതി കേന്ദ്രം 168315 രൂപ സർവ്വീസ് ചാർജ് ആവശ്യപ്പെട്ടതാണ്. നിലവിൽ സർവ്വീസ് ചാർജ് ഇല്ലാത്ത സാഹചര്യത്തിൽ ഈ വിവരം നിർമിതി കേന്ദ്രവുമായി ചർച്ച ചെയ്ത് പരിഹരിക്കേണ്ടതാണ്.

## 1-31 കാർഷിക ഉപകരണങ്ങൾക്ക് ഷെഡ് നിർമാണം. ബിൽ തുക നൽകാൻ ബാക്കി നിൽക്കുന്നു

പ്രോജക്ട് നമ്പർ : 201/21

പ്രോജക്ട് നമ്പർ : 15/20

ആകെ പ്രവർത്തി മൂല്യം : 535978 ( 12% ജി.എസ്.ടി ഉൾപ്പടെ)

എഗ്രിമെന്റ് നമ്പർ : 91/AE/LSGD/KDY/19-20 Dt. 31/03/2020

അവസാന ചെക്ക് മെഷർമെന്റ് നടത്തിയ തിയ്യതി. 29/07/2020

എം.ബുക്ക് നമ്പർ :100/18-19

ഈ പ്രവർത്തിക്കായി തനതുഫണ്ടിനത്തിൽ 2020-21 വർഷത്തിൽ ആകെ 537520 രൂപ വകയിരുത്തിയിട്ടുണ്ട്. 29/07/2020 ന് അവസാന മെഷർമെന്റ് നടത്തി എം ബുക്കിൽ ബിൽ വിവരങ്ങൾ ചേർത്തെങ്കിലും നാളിതു വരെ കരാറുകാരന് ബിൽ തുക കൈമാറിയിട്ടില്ല എന്നു കാണുന്നു. കരാർ ഖണ്ഡിക 13 പ്രകാരം പ്രവൃത്തി പൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ അളവെടുത്ത് ബില്ലെഴുതി പണം നൽകാൻ നിർവ്വഹണോദ്യോഗസ്ഥൻ ബാധ്യസ്ഥനാണ് എന്നിരിക്കെ പ്രവർത്തി പൂർത്തീകരിച്ച് ഒരു വർഷത്തിനുശേഷവും ബിൽ

നൽകാതിരിക്കുന്നതിന്റെ സാധുത എന്ത് എന്ന് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നു. തനതു ഫണ്ടിന്റെ അഭാവത്താലാണ് ബിൽ പാസ്സാക്കാൻ കഴിയാതെ വന്നത് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് മതിയായ ഫണ്ട് ഉറപ്പു വരുത്തിയിട്ടാകണം എന്നതിലെ ആസൂത്രണക്കുറവാണ് ഈ പ്രശ്നത്തിന് വഴി വെച്ചത് എന്ന് കാണാവുന്നതാണ്. ബിൽ അനുവദിച്ച് നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-32 സിംഗിൾ ടെൻഡർ തുറന്നത് നിയമപരമായി നിലനിൽക്കാത്ത പ്രവർത്തിയുടെ കാരണം വ്യക്തമാക്കേണ്ടതാണ്.

G.O (P) No.324/2015/FinDated, Thiruvananthapuram 30.07.2015 ഖണ്ഡിക 4-b പ്രകാരം സിംഗിൾ ടെൻഡർ ഒരു കാരണവശാലും തുറക്കരുത് എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ താഴെ ചേർക്കുന്ന സിംഗിൾ ടെൻഡർ തുറന്നതായും റേറ്റ് ക്വോട്ട് ചെയ്ത ശേഷം സിംഗിൾ ടെൻഡർ ആയതിനാൽ റീടെൻഡർ വിളിക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതായും കാണുന്നു. സർക്കാർ ഉത്തരവിനനുസൃതമല്ലാത്ത ഈ പ്രവൃത്തിയുടെ സാധുത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ ഈ വിഷയത്തിൻമേലുള്ള അവഗാഹക്കുറവു മൂലമാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഭാവിയിൽ ജാഗ്രത പുലർത്തേണ്ടതാണ്

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവർത്തിയുടെ പേര് | ടെൻഡർ സമർപ്പിച്ച തിയ്യതി | ടെൻഡർ സമർപ്പിച്ച ആൾ | ടെൻഡർ തുറന്ന് തള്ളിക്കളഞ്ഞ പഞ്ചായത്ത് കമ്മിറ്റി തീരുമാനം. തിയ്യതി. |
|---|---|---|---|---|---|
| 1 | 126/21 | നൂറ്റപ്പാടം റോഡിൽ ഐറിഷ് കാന | 02/11/20 | എം.ആർ.മനോജ് കുമാർ | 06/11/2020 തിയ്യതിയിലെ 9/3 തീരുമാനം |
| 2 | 127/21 | മല്ലൻചിറ കനാൽ ബണ്ട് റോഡ് റീ കോൺക്രീറ്റിംഗ് | 03/11/20 | എം.ആർ.മനോജ് കുമാർ | 06/11/2020 തിയ്യതിയിലെ 9/3 തീരുമാനം |
| 3 | 95/21 | വൈഡനിംഗ് ഓഫ് മൊളേലി റോഡ് കലുങ്ക് | 95/21 | എം.ആർ.മനോജ് കുമാർ | 06/11/2020 തിയ്യതിയിലെ 9/3 തീരുമാനം |

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 500000 | നെൽകൃഷിക്ക് കൂലിചെലവ് സബ് | 500000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സിഡി | | |
| | | 96160 | സുഭിക്ഷകേരളം-മൽസ്യ കൃഷി-പടുതാ കേരളം | 96160 | 0 |
| | | 900000 | ലൈഫ് മിഷൻ-ഭവനനിർമാണം | 900000 | 0 |
| | | 400000 | ലൈഫ്-ഭൂരഹിത ഭവനരഹിത ഗുണഭോകാതാക്കൾക്ക് സ്ഥലം വാങ്ങൽ(ജനറൽ) | 400000 | 0 |
| | | 165000 | അംഗൻവാടി ഫീഡിംഗ് | 165000 | 0 |
| | | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | | 146047 | ഏക്കാട്ടിൽ കളപ്പുരക്കൽ എൽ ഐ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 5&8 | 146047 | 0 |
| | | 100000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 100000 | 0 |
| | | 100000 | ആശ്രയ എസ് സി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 499950 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 499950 | 0 |
| | | 280776 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 280776 | 0 |
| | | 100000 | ലൈഫ് മിഷൻ -ഭവനനിർമാണം | 100000 | 0 |
| | | 200000 | ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോകാതാക്കൾക്ക് സ്ഥലം വാങ്ങൽ(ജനറൽ) | 200000 | 0 |
| | | 276000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 276000 | 0 |
| | | 566024 | ജലരക്ഷ ജീവരക്ഷ-വിവിധ കുളങ്ങളുടെ നവീകരണം | 566024 | 0 |
| | | 384393 | കാതിക്കുടം എൽ ഐ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 384393 | 0 |
| | | 997708 | പൊന്നേത്ത്കുന്ന് പട്ടികജാതി റോഡ് പുനരുദ്ധാരണം | 997708 | 0 |
| | | 100000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |
| | | 43694 | ലൈബ്രറി അടിസ്ഥാന സൗകര്യം | 24970 | 18724 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വൗച്ചർ നം/ചെക്ക് നം | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി, കൊരട്ടി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ, ട്യൂബ് സെറ്റ് സ്ഥാപിക്കൽ | 326214 | 22000278 | വിവരങ്ങൾ ലഭ്യമായിട്ടില്ല. | വിവരങ്ങൾ ലഭ്യമായിട്ടില്ല. |
| കെ എസ് ഇ ബി, അന്നമനട | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ, ട്യൂബ് സെറ്റ് സ്ഥാപിക്കൽ | 279484 | 22000278 | ” | ” |
| കെ എസ് ഇ ബി, ചാലക്കുടി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ, ട്യൂബ് സെറ്റ് സ്ഥാപിക്കൽ | 30952 | 22001185 | ” | ” |
| കെ എസ് ഇ ബി, കൊരട്ടി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ, ട്യൂബ് സെറ്റ് സ്ഥാപിക്കൽ | 474809 | 22001185,22001188,22001592 | ” | ” |
| ഇലക്ട്രിക്കൽ സെക്ഷൻ | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ, ട്യൂബ് സെറ്റ് സ്ഥാപിക്കൽ | 139002 | 22001187 | ” | ” |
| കെ എസ് ഇ ബി, കൊരട്ടി | എക്കാട്ടിൽ കളപ്പുരക്കൽ എൽ ഐ പൈപ്പ് ലൈൻ | 83136 | 22000336 | ” | ” |
| കേരളാ വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട | കക്കാട് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എസ് സി വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകൽ | 150000 | 22001390 | ” | ” |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ

കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Life Mission-HUDCO KURDFC Loan | | 4050000 | 3638235 | 717529 | 0 | 2920706 |

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| തൻവർഷത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5248178 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 5661044 |
| ആകെ | 5661044 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5661044 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷത്തിൽ ഈയിനത്തിൽ 8661 രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീത് നം. / തീയതി |
|---|---|---|---|---|
| 2018-19 | പാര 1-16 Sl.No. 1 | 4434 | ഡെന്നി. കെ.സി., കോന്നു പറമ്പൻ, അനനനാട് | 120050100934 , Dt 22/07/20 |
| 2018-19 | പാര 1-16 Sl.No. 2 | 4227 | " | 120050100934 , Dt 22/07/20 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-4 | 2006-07 | 3.58.1 | മണൽ പെർമിറ്റ് പിരിച്ചെടുത്ത തുക 135501/രൂപാ പഞ്ചായത്തിൽ അടവാക്കിയില്ല. | മറുപടി നിശ്ചിത പ്രഫോർമയിൽ 16-10-2019ന് സമർപ്പിച്ചിട്ടുണ്ട്. |
| 2004-05 | 3-4 | 2009-10 | 3.8.8 | കുടുംബശ്രീ സമഗ്രകൃഷി വികസനം-കൃഷി ഉപകരണങ്ങൾ വാങ്ങൽ-മോണിറ്ററിംഗിന്റെ അഭാവം | മറുപടി നിശ്ചിത പ്രഫോർമയിൽ 16-10-2019ന് സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 3-3 | 2009-10 | 2.8.5 | നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് | മറുപടി നിശ്ചിത പ്രഫോർമയിൽ 16-10-2019ന് സമർപ്പിച്ചിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-5 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | മറുപടി നിശ്ചിത പ്രഫോർമയിൽ 16-10-2019ന് സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82495938 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 85165945 |
| വരവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 96000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ്തുക | സർചാർജ്ജ് തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 96000 | ശ്രീമതി.ഉഷാദേവി.കെ.എസ്., അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 78-79 | എൽ.എഫ്.ടി.(എസ്.2)-1086/11/2010-2011/ 10.01.12 |
| 79-80 | |
| 83-84 | |
| 85-86 | |
| 86-87, 87-88 | |
| 88-89, 89-90 | |
| 91-92 | |

| | |
|---|---|
| 92-93, 93-94 | |
| 94-95, 95-96 | |
| 96-97 | എൽ.എഫ്.ടി.8-395/98/ 22.09.98 |
| 97-98 | എൽ.എഫ്.ടി.7- 1471/98/ 09.03.09 |
| 98-99 | എൽ.എഫ്.ടി.7- 119/2000/ 20.05.2000 |
| 99-2000 വരവ് | എൽ.എഫ്.ടി.7-118/2000/ 20.05.2000 |
| 99-2000 ചെലവ് | എൽ.എഫ്.ടി.956/01/ 30.01.01 |
| 2000-01 | എൽ.എഫ്.ടി.14-1043/05/ 13.09.05 |
| 2001-02 | എൽ.എഫ്.ടി.14-1044/05/ 20.09.05 |
| 2002-03 | എൽ.എഫ്.ടി.14-1085/05/ 30.09.05 |
| 2003-04 | എൽ.എഫ്.ടി.14-440/06/ 02.06.06 |
| 2004-05 | എൽ.എഫ്.ടി.14-1398/08/ 05.09.09 |
| 2005-06 | എൽ.എഫ്.ടി.14-1399/08/ 05.09.09 |
| 2006-07 | എൽ.എഫ്.ടി.14-829/09/ 20.09.10 |
| 2007-08 | എൽ.എഫ്.ടി.14-1151/11/ 24.11.11 |
| 2008-09 | എൽ.എഫ്.ടി.പി3-2067/11/ 23.01.12 |
| 2009-10 | എൽ.എഫ്.ടി.പി3-1083/12/ 12.10.12/04.02.13 |
| 2010-11 | എൽ.എഫ്.ടി.പി3-1082/12/ 12.10.2012/04.02.13 |
| 2011-12 | എൽ.എഫ്.ടി.പി7-893/2013 തി.13.01.13/03.01.14 |
| 2012-13 | എൽ.എഫ്.ടി.പി7-459/14 തി.11.09.14/5.12.1 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി.7- 1184/15 തി.19.10.15/3.11.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.7 - 1218/16 തി.25.07.2016/30.07.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.7-2039/16 തി.16.01.2017 |
| 2016-17 | കെ.എസ്.എ ടിഎസ് ആർ പി.7-1707/17 തി.1.12.17/29.12.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി.7)483/2019തി.29.04.2019 |
| 2018-19 | നം.കെ.എസ്.എ.-ടി.എസ്.ആർ(പി7)124/2020 ,തീയതി.21.05.2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ സി.പി. |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്